പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2639 — 18.06.2018-ൽ മറുപടിക്ക്

# അങ്കമാലി- കൊച്ചി വിമാനത്താവളം ബൈപ്പാസ്

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി- കൊച്ചി വിമാനത്താവളം ബൈപ്പാസിന് എന്നാണ് ഈ സർക്കാർ പുതുക്കിയ ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ ; | (എ) അങ്കമാലി- കൊച്ചി വിമാനത്താവളം ബൈപ്പാസിന് 2016-2017 ബജറ്റിൽ കിഫ്ബി മുഖേന നിർമ്മാണത്തിന് 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ആർ.ബി.ഡി.സി.കെ തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ (DPR) പ്രകാരം ഈ പദ്ധതിയ്ക്ക് 390.68 കോടി രൂപ ആവശ്യമാണെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 02.06.2017-ലെ സ.ഉ.(സാ.ധാ) നമ്പർ. 771/2017/പൊ.മ.വ ഉത്തരവ് പ്രകാരം 390.68 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി). നിർദ്ദിഷ്ട പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ട ചുമതല ആർക്കാണെന്നും നാളിതുവരെയായി അവർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ബി) 27.09.2016-ലെ സ.ഉ.(സാ.ധാ) നമ്പർ. 1324/2016/പൊ.മ.വ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ-യെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയുണ്ടായി. അതിൻ പ്രകാരം ആർ.ബി.ഡി.സി.കെ 45 മീ വീതിയിൽ ആറുവരിയിൽ പ്രസ്തുത ബൈപ്പാസിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും 16.12.2017-ൽ കരയാംപറമ്പ് മുതൽ അങ്കമാലി (ഫേസ് 1) വരെയുള്ള അലൈൻമെന്റ്, കിഫ്ബി മാനദണ്ഡപ്രകാരം 25 മീ വീതിയിൽ നാലുവരിയാക്കി ചുരുക്കുകയും പുതുക്കിയ റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും 190.16 കോടി രൂപക്ക് അനുമതി ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. പ്രസ്തുത പദ്ധതിയ്ക്ക് (ഫേസ് 1) ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി 19.03.2018-ൽ ജില്ലാ കളക്ടർക്ക് റിക്വസിഷൻ സമർപ്പിച്ചിട്ടുള്ളതാണ്. എൽ.എ യുമായി ബന്ധപ്പെട്ട തുടർ നടപടികൾ പുരോഗമിക്കുന്നു. |
| (സി). | പ്രസ്തുത പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) & (ഡി). | സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായതിന് ശേഷം മാത്രമേ സാങ്കേതികാനുമതി, ടെണ്ടർ മുതലായ നടപടികൾ ആരംഭിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. |
| (ഡി) | 02.06.2017 ൽ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും നിരവധി തവണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനം എടുത്തിട്ടും നാളിതുവരെയായി ഈ പ്രവൃത്തിയുടെ ടെണ്ടർ ചെയ്യുവാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

S. Bindu

സെക്ഷൻ ഓഫീസർ